(ബി) ഫർണീച്ചർ വാങ്ങിയിരിക്കുന്നത് ടെണ്ടർ വിളിച്ചിട്ട് ആണോ;

(സി) എങ്കിൽ ഇവയുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്ലാസ്റ്റിക്, തടി, ഇരുമ്പ് ഫർണീച്ചറുകളുടെ തരംതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) ടെണ്ടർ വിളിക്കാതെയാണ് വിവിധ സർക്കാർ വകുപ്പുകൾ തടി, ഇരുമ്പ് ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളതെങ്കിൽ ഇവയുടെ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിനുവേണ്ടി സിഡ്കോയിൽ നിന്നും വാങ്ങിയ ഫർണീച്ചർ

80 [3254] ശ്രീ. എ. പി. അനിൽകുമാർ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
„ തമ്പാനൂർ രവി:
„ ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുവേണ്ടി സ്പെഷ്യൽ ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സിഡ്കോയിൽ നിന്നു വിവിധ ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി ഫർണീച്ചർ വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ 1995 മുതൽ 1999 വരെ സിഡ്കോയ്ക്ക് ഈ ഇനത്തിൽ എത്ര തുക കൊടുക്കുവാനുണ്ട് എന്നറിയിക്കാമോ;

(സി) ഈ തുക എത്രയുംവേഗം കൊടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വാങ്ങിയിട്ടുണ്ട്.

(ബി) 29,275 രൂപ

(സി) ധനലഭ്യതയ്ക്ക് വിധേയമായി കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly